**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4152** **09-08-2021 - ൽ മറുപടിയ്ക്ക്**

**കുറ്റിപ്പുറം നിളയോരം വിനോദസഞ്ചാര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri P. A. Mohamed Riyas** (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുറ്റിപ്പുറം നിള പാർക്ക് നവീകരണം സംബന്ധിച്ച് വിനോദസഞ്ചാര വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | കുറ്റിപ്പുറം നിളയോരം പാർക്ക് നവീകരണം എന്ന നിലവിലുള്ള പദ്ധതിയുടെ പ്രവർത്തികൾ 80% പൂർത്തീകരിച്ചിട്ടുള്ളതും ബാക്കിയുള്ള പ്രവർത്തികൾ ഉടൻ പൂർത്തീകരിക്കുന്നതിന് പദ്ധതി നിർവഹണ ഏജൻസിയായ മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (ബി) | കുറ്റിപ്പുറം നിളയോരം വിനോദസഞ്ചാര പദ്ധതി എന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | കുറ്റിപ്പുറം നിളയോരം വിനോദസഞ്ചാര പദ്ധതിയുടെ പ്രപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. |
| (സി) | സെക്രട്ടേറിയറ്റിലെ വിനോദസഞ്ചാര വകുപ്പിലെ പ്രസ്തുത ഫയലിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; വ്യക്തമാക്കുമോ? | (സി) | കുറ്റിപ്പുറം നിളയോരം വിനോദസഞ്ചാര പദ്ധതിയുമായി ബന്ധപ്പെട്ട് എം.എൽ.എ സർക്കാരിന് സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ടൂറിസം ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ